പാഠം 4

# ആദ്യത്തെ ചിലന്തി

**ശ**രീരത്തിനടിയിൽ കുഞ്ഞു പഞ്ഞിപ്പൊതിയുമായി നടക്കുന്ന ചിലന്തികളെ നിങ്ങൾ കണ്ടിട്ടില്ലേ? അവയെക്കുറിച്ച് ഗ്രീക്കുപുരാണത്തിൽ ഒരു കഥയുണ്ട്.

തയ്യൽജോലിയിൽ ആരെയും വിസ്മയിപ്പിക്കുവാൻ കഴിവുള്ള ഒരു പെൺകുട്ടി പണ്ട് ഗ്രീസിലുണ്ടായിരുന്നു. അരാക്നി എന്നായിരുന്നു അവളുടെ പേര്. നിമിഷങ്ങൾകൊണ്ട് അവൾ തുണികളിൽ തയ്ച്ചെടുക്കുന്ന ചിത്രങ്ങൾ കാണാൻ ദൂരെനിന്നുപോലും ആളുകൾ വന്നിരുന്നു.

നാളുകൾ കഴിഞ്ഞപ്പോൾ അവളിൽ അഹങ്കാരം അങ്കുരിച്ചുതുടങ്ങി. അവളെക്കുറിച്ച് പുകഴ്ത്തിപ്പറയുന്നവർക്ക് സമ്മാനം കൊടുക്കും. അല്ലാത്തവരെ സമീപത്തുനിന്നും ഓടിച്ചുകളയും. ഒരിക്കൽ ഒരു പാവം പെൺകുട്ടി അവളോട് പറഞ്ഞു:



“എത്ര മനോഹരമായ തയ്യൽ! അഥീനിദേവിയിൽനിന്നായിരിക്കും നിങ്ങൾ ഈ വിദ്യ പഠിച്ചത്, അല്ലേ?”

അരാക്നി രോഷാകുലയായി ഗർജ്ജിച്ചു:

“അഥീനിദേവി വേണമെങ്കിൽ എന്റെ അടുക്കൽ വന്ന് പഠിക്കട്ടെ.” ഈ ഗർജ്ജനം ദേവിയുടെ ചെവിയിലും അലച്ചു. ഒരു പടുകിഴവിയുടെ വേഷത്തിൽ ദേവി അവളുടെ സമീപത്ത് എത്തി. കുറേനേരം മറ്റുള്ളവർ പ്രശംസിക്കുന്നത് നോക്കിനിന്നു. പിന്നീട് പറഞ്ഞു:

“എടീ കൊച്ചേ, നീ വായടയ്ക്ക്. നിന്റെ അഭിപ്രായം കേട്ട് അഥീനിദേവി കോപിച്ചിരിക്കയാണ്. മാപ്പപേക്ഷിക്കുകയാണെങ്കിൽ ക്ഷമിക്കും.”

അതു കേട്ട അവൾ കോപംകൊണ്ട് ജ്വലിച്ചു. കിഴവിത്തള്ളയുടെ നേർക്ക് തിരിഞ്ഞു:

“ഹേ കിഴവീ, നിങ്ങളുടെ ഉപദേശമൊന്നും എന്റടുത്ത് വേണ്ട. അഥീനിദേവി തല കുത്തിനിന്ന് തപസ്സ് ചെയ്താലും എനിക്കൊപ്പം വരില്ല. വേണമെങ്കിൽ അവർ മത്സരത്തിനു വരട്ടെ.”

“ഓഹോ അങ്ങനെയോ? എന്നാൽ മത്സരം ഇപ്പോൾതന്നെ.” ഒരു നിമിഷംകൊണ്ട് വൃദ്ധ രൂപം മാറി. ഉജ്ജ്വലകാന്തിയുള്ള ദേവിയെക്കണ്ട് അവൾ ഭയപ്പെട്ടു. എങ്കിലും പരിഭ്രമം പുറത്തു കാണിക്കാതെ അവൾ നിന്നു. അഭിമാനത്തിനു ക്ഷതമേല്ക്കുമെന്നു കരുതി മാപ്പു പറയാനോ വണങ്ങാനോ അവൾ തയ്യാറായില്ല.

“നൂലും സൂചിയും കൊണ്ടുവരൂ. നമുക്ക് തയ്ച്ചു തുടങ്ങാം.”

രണ്ടുപേരും മത്സരത്തയ്യൽ ആരംഭിച്ചു. അഥീനി വർണോജ്ജ്വലമായ ദേവരൂപങ്ങൾ തയ്ച്ചു. സ്യൂസ് ദേവൻ മധ്യത്തിൽ നില്ക്കുന്നു. അഥീനിയും മറ്റുള്ള ദേവിമാരും ചിത്രത്തിലുണ്ട്. ജീവൻ തുടിക്കുന്ന ചിത്രം. അവിടെ നില്ക്കുന്നവരുടെ കണ്ണുകൾ മഞ്ചി.

അരാക്നി ദേവന്മാരെ കുരങ്ങന്മാരായും കഴുതകളായും ചിത്രീകരിച്ചു. അരാക്നി സ്വന്തം രൂപം സുന്ദരമായി മധ്യഭാഗത്ത് വരച്ചു.

പ്രസിദ്ധരായ രണ്ടു വിദഗ്ധർ തയ്യൽ വിലയിരുത്തി. അഥീനിദേവിയെ അവർ പ്രകീർത്തിച്ചു. അരാക്നിയുടെ മുഖം മങ്ങി. അവൾ എല്ലാവരെയും പുലഭ്യം പറഞ്ഞു.

കോപിഷ്ഠയായ ദേവി അരാക്നിയുടെ ചിത്രകംബളം നൂറു കഷണങ്ങളായി വലിച്ചുകീറി. ഓടിരക്ഷപ്പെടാൻ ശ്രമിച്ച അരാക്നിയെ അവർ തടഞ്ഞുനിർത്തി. അവളുടെ പാറിപ്പറന്ന തലമുടി പട്ടുനൂലുകളാക്കി. കൈവിരലുകൾ നീണ്ട എട്ടു കാലുകളാക്കി. അങ്ങനെ എട്ടു കാലും പട്ടുനൂൽപ്പെട്ടിയുമുള്ള ഒരു ചിലന്തിയായി അവൾ രൂപാന്തരപ്പെട്ടു.

“ചിത്രത്തയ്യലിന്റെ ഒത്ത നടുക്ക് സ്വന്തം രൂപം പ്രതിഷ്ഠിച്ചു കഴിയുന്ന ഒരു വിഷജീവിയായി ജീവിക്കുക”—അഥീനിദേവി അരാക്നിയെ ശപിച്ചു.

അരാക്നിയുടെ സന്തതിപരമ്പരകളാണ് നമ്മൾ ഇന്നു കാണുന്ന എട്ടുകാലികൾ എന്ന് ഗ്രീക്കുപുരാണം പറയുന്നു.